**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4995** **14-03-2023 - ൽ മറുപടിയ്ക്ക്**

**നായരമ്പലം ഹെർബർട്ട് പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | വൈപ്പിൻ നിയോജക മണ്ഡലത്തിൽ കിഫ്ബി ധനസഹായത്തോടെയുള്ള നായരമ്പലം ഹെർബർട്ട് പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ; | (എ) | വൈപ്പിൻ നിയോജക മണ്ഡലത്തിൽ കിഫ്ബി ധനസഹായത്തോടെയുള്ള നായരമ്പലം ഹെർബർട്ട് പാലത്തിന്റെ നിർമ്മാണത്തിനായി 10 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുള്ളതും തുടർന്ന് കിഫ്ബിയിൽ നിന്ന് 10.4 കോടി രൂപയുടെ സാമ്പത്തികാനുമതിയും ലഭിച്ചിട്ടുള്ളതുമാണ്. പ്രസ്തുത പദ്ധതിയ്ക്ക് സ്ഥലമേറ്റെടുക്കുന്നതിനായി 70 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. നിലവിൽ ഭൂമി ഏറ്റെടുക്കൽ നടപടി പുരോഗമിച്ചു കൊണ്ടിരിക്കുകയാണ് ആയത് പൂർത്തീകരിക്കുന്ന മുറയ്ക്ക് സാങ്കേതികാനുമതി നൽകി ടെൻഡർ നടപടികൾ പൂർത്തിയാക്കി കഴിഞ്ഞാൽ പ്രവൃത്തി ആരംഭിക്കാൻ സാധിക്കുന്നതാണ്.<br><br>പദ്ധതിക്കു വേണ്ടി ഭൂമി ഏറ്റെടുക്കൽ നടപടികൾക്കായി ആനുഷാംഗിക തുകയായ ഒരു ലക്ഷം രൂപ കിഫ്ബിയിൽ നിന്നും ലഭ്യമായിട്ടുള്ളത് 02.09.2022 നു എക്സിക്യൂട്ടീവ് എഞ്ചിനീയർ കെ.ആർ. എഫ്.ബി – പി.എം.യു എറണാകുളം/തൃശ്ശൂർ കാര്യാലയത്തിൽ നിന്നും ലാൻഡ് അക്വിസിഷൻ ഓഫീസറായ സ്പെഷ്യൽ തഹസിൽദാർ (LA) കിഫ്ബി, എറണാകുളത്തിന് കൈമാറിയിട്ടുണ്ട്. നിലവിൽ ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു. |
| (ബി) | പാലനിർമ്മാണത്തിനായുള്ള സ്ഥലം ഏറ്റെടുക്കൽ നടപടികൾക്കായി ലാന്റ് അക്വിസിഷൻ ഓഫീസർക്ക് കൈമാറാനുള്ള ആനുഷംഗിക തുക കിഫ്ബിയിൽ നിന്നും ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത തുക എന്നത്തേക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ; | (ബി) | (എ) പിരിവിന്റെ അതേ മറുപടി. |
| (സി) | കിഫ്ബി അംഗീകാരം നൽകിയിട്ടും പ്രവൃത്തി ആരംഭിക്കുന്നതിൽ നേരിടുന്ന കാലതാമസം | (സി) | (എ) പിരിവിന്റെ അതേ മറുപടി. |

| | | | |
|---|---|---|---|
| | ഒഴിവാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ